# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2905 — 19.06.2014 ൽ മറുപടിക്ക്

## കോഴിക്കോട് സിവിൽ സപ്ലൈസ് വകുപ്പിന്റെ ഗോഡൗണുകളിൽ പരിശോധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പ്രദീപ്കുമാർ | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ കോഴിക്കോട് ജില്ലയിലെ സിവിൽ സപ്ലൈസ് വകുപ്പിന്റെ ഗോഡൗണുകളിൽ വകുപ്പുതല പരിശോധനയിൽ എന്തെല്ലാം അപാകതകളാണ് കണ്ടെത്തിയതെന്നും ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും വിശദമാക്കുമോ? | (എ) കോഴിക്കോട് ജില്ലയിലുള്ള സപ്ലൈകോയുടെ വെള്ളയിൽ സബ്ഡിപ്പോയിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ സിവിൽ സപ്ലൈസ് ഡയറക്ടർ, ഡെപ്യൂട്ടി കൺട്രോളർ ഓഫ് റേഷനിംഗ് ( നോർത്ത് സോൺ, കോഴിക്കോട്). കോഴിക്കോട് ജില്ലാ സപ്ലൈ ഓഫീസർ, കോഴിക്കോട് താലൂക്ക് സപ്ലൈ ഓഫീസർ, സിറ്റി റേഷനിംഗ് ഓഫീസർ (നോർത്ത്, കോഴിക്കോട്), സിറ്റി റേഷനിംഗ് ഓഫീസർ (സൗത്ത്, കോഴിക്കോട്) എന്നീ ഉദ്യോഗസ്ഥർ ആകെ 94 തവണ പരിശോധന നടത്തിയിട്ടുണ്ട്. ടി പരിശോധനകളിൽ താഴെ പരാമർശിക്കുന്ന ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു.<br>1. ARD -കൾക്ക് സീൽ ചെയ്ത സാമ്പിൾ നൽകുന്നില്ല.<br>2. ഗോഡൗൺ വൃത്തിയായി സൂക്ഷിക്കുന്നില്ല.<br>3. സ്റ്റാക്ക് കാർഡ് വച്ചിട്ടില്ല.<br>4. ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്കായി യഥാസമയം താലൂക്ക് സപ്ലൈ ഓഫീസിൽ ഹാജരാക്കുന്നില്ല.<br>5. സ്റ്റോക്കിൽ 12 ക്വിന്റൽ APL പച്ചരി കുറവ് കണ്ടു.<br>6. സാമ്പിൾ ഇഷ്യൂ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.<br>7. എണ്ണിത്തിട്ടപ്പെടുത്താവുന്ന രീതിയിൽ സ്റ്റോക്ക് അട്ടിയിടുന്നില്ല.<br>8. FCI ഡിപ്പോയിൽ നിന്നും സാധനങ്ങൾ വരുന്നതിന് മുൻപേ സ്റ്റോക്ക് വരവു പിടിച്ചതായി കണ്ടു. |

9. FCI യിൽ നിന്നും മില്ലുകളിൽ നിന്നും ലഭിക്കുന്ന സാമ്പിളുകൾ ഡിപ്പോയിൽ സൂക്ഷിക്കുന്നില്ല

10. തൂക്കച്ചീട്ട് നൽകുന്നില്ല.

11. ഗുഡ്സ് ഇഷ്യൂ ഷീറ്റിൽ ലോറി നമ്പർ രേഖപ്പെടുത്തുന്നില്ല.

12. സ്റ്റോക്ക് ബോർഡ് എല്ലാ ദിവസവും പ്രദർശിപ്പിക്കുന്നില്ല.

13. റിട്ടേൺ അതോറിറ്റി ലിസ്റ്റിൽ റേഷൻ കടക്കാരെ കൊണ്ട് ഒപ്പ് വയ്പ്പിക്കുന്നില്ല.

മേൽ ക്രമക്കേടുകൾ പരിഹരിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ഉത്തരവാദികളായ ഉദ്യോഗസ്ഥർക്ക് കുറ്റപത്രം നൽകുകയും ചെയ്തിട്ടുണ്ട്. ആയവയ്ക്ക് ലഭിക്കുന്ന മറുപടികളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

Beena

**സെക്ഷൻ ഓഫീസർ**